## എറണാകുളം തദ്ദേശ സ്വയംഭരണവകുപ്പ് ജോയിന്റ് ഡയറക്ടറുടെ നടപടിക്രമം

**(ഹാജർ:ശ്രീ .പ്രദീപ്കുമാർ വി.))**

തദ്ദേശ സ്വയംഭരണ വകുപ്പ് എറണാകുളം ജില്ലാ ജോയിന്റ്ഡയറക്ടറുടെ കാര്യാലയം –കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് പരിധിയിലെ അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട് ലൈസൻസ്ഡ് സൂപ്പർവൈസർ ശ്രീമതി എൻ.ആർ. ശോഭന (D-1279/06/1945/SA) രജിസ്ട്രേഷൻ- സസ്പെന്റ് ചെയ്ത് ഉത്തരവാകുന്നു.

==============================================================

**LSGD/JD/EKM/2350/2024-F4** തീയതി27.06.2024

==============================================================

പരാമർശം:- 1) സർക്കാരിന്റെ 01/03/2024ലെ ആർ.ബി.1/589/2023/എൽ.എസ്.ജി.ഡി. നമ്പർകത്ത്.
2) ലൈസൻസി ശ്രീമതി. എൻ.ആർ.ശോഭനയ്ക്ക് ഹിയറിംഗിന് ഹാജരാകുന്നതിന് വേണ്ടി 14.03.2024ലും 22.04.2024ലും നൽകിയ നോട്ടീസുകൾ

### ഉത്തരവ്

ഏറണാകുളം ജില്ലയിലെ കടുങ്ങല്ലൂർ ഗ്രാമ പഞ്ചായത്തിൽ P W D റോഡ് കൈയ്യേറി അനധികൃത നിർമ്മാണം നടത്തി എന്നപരാതിയിൽ വിജിലൻസ് നടത്തിയ പരിശോധന റിപ്പോർട്ടിൽ ശുപാർശ (3) പ്രകാരം കെട്ടിടത്തിന്റെ ഇനിഷ്യൽ പെർമിറ്റിനായിഅപേക്ഷയോ ടൊപ്പം സമർപ്പിച്ച പ്ലാനിൽ അപേക്ഷകനായ ചന്ദ്രശേഖരൻ നായരുടെ ഒപ്പ് വാങ്ങാതെയും
തന്റെ ഒപ്പ് രേഖപ്പെടുത്താതെയും പ്ലാൻ വരച്ചു കടുങ്ങല്ലൂർ ഗ്രാമ പഞ്ചായത്തിൽ സമർപ്പിച്ച ശ്രീമതി N.R. ശോഭന എന്നവരുടെ ലൈസൻസ് സസ്പെന്റ് ചെയ്യുവാനായി പരാമർശം-1 പ്രകാരം സർക്കാരിൽ നിന്നും നിർദ്ദേശിച്ചിരുന്നു

ടി വിഷയത്തിൽ ടിയാരിയെ നേരിട്ട് കേൾക്കുന്നതിന് പരാമർശം-2 മുഖേന കത്തുകൾ നൽകിയിരുന്നെങ്കിലും ടിയാരി ഹാജരായിട്ടില്ലാത്തതാണ്

. കെ.എം.ബി.ആർ 2019 ചട്ടം-18 പ്രകാരം പ്ലാനിലും ഡ്രോയിംഗിലും വിവരങ്ങളിലും സർട്ടിഫിക്കറ്റ് നൽകുകയോ ഒപ്പുവക്കുകയോ ചെയ്യുന്ന ആൾ ആ സർട്ടിഫിക്കറ്റിലും പ്ലാനിലും ഡ്രോയിംഗിലും രേഖപ്പെടുത്തുന്ന വസ്തുതകളുടെ കുറ്റമില്ലായ്മക്കും സത്യാവസ്ഥക്കും ഉത്തരവാദി ആയിരിക്കുന്നതാണ്.കെട്ടിടത്തിന്റെ ഇനിഷ്യൽ പെർമിറ്റിനായി അപേക്ഷയോടൊപ്പം സമർപ്പിച്ച പ്ലാനിൽ അപേക്ഷകനായ ചന്ദ്രശേഖരൻ നായരുടെഒപ്പ് വാങ്ങാതെയും തന്റെ ഒപ്പ് രേഖപ്പെടുത്താതെയും പ്ലാൻ വരച്ച കടുങ്ങല്ലൂർ ഗ്രാമ പഞ്ചായത്തിൽസമർപ്പിച്ച
ശ്രീമതി N.R. ശോഭന, ഈ ചട്ടം പാലിച്ചിട്ടില്ല എന്നുള്ളത് വ്യക്തമായിട്ടുള്ളതാണ്.കൂടാതെ തന്റെ ഭാഗം വിശദീകരിക്കുന്നതിന് നോട്ടീസ് നൽകിയിട്ടും ടി ദിവസ്സങ്ങളിൽ ഹിയറിംഗിനു ഈ ഓഫീസിൽ നേരിട്ടു ഹാജരാവാതിരുന്നത് ടിയാരിയുടെ അനാസ്ഥ തെളിയിക്കുന്നതാണ്.

മേൽ സാഹചര്യത്തിൽ പരാമർശം 1 ന്റെയും കെ.എം.ബി.ആർ 2019 ചട്ടം-18 പാലിക്കാത്തതിന്റേയും അടിസ്ഥാനത്തിൽ ലൈസൻസ്ഡ് സൂപ്പർവൈസർ-എ രജിസ്ട്രേഷൻ ഹോൾഡർ ശ്രീമതി. ശോഭന എൻ.ആർ എന്നയാളുടെ D-1279/06/1945/SA നമ്പർ രജിസ്ട്രേഷൻ ഈ ഉത്തരവ് തീയതി മുതൽ 6 മാസത്തേക്ക് സസ്പെന്റ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

Signed by
Pradeepkumar V
Date: 01-07-2024 15:21:32

PRADEEP KUMAR V
JOINT DIRECTOR

പകർപ്പ്: 1) ശ്രീമതി ശോഭന എൻ.ആർ
കാട്ടിപ്പറമ്പിൽ ഹൌസ്
മുപ്പത്തടം പി.ഒ., ആലുവ-10 (സസ്പെൻഷൻവിവരങ്ങൾരേഖപ്പെടുത്തുന്നതിനായി ഒറിജിനൽ ലൈസൻസ്
7 ദിവസത്തിനുള്ളിൽ തദ്ദേശ സ്വയംഭരണ വകുപ്പ് എറണാകുളം
ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ
ഹാജരാക്കേണ്ടതാണ്.)

പകർപ്പ് : 1. സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ(ആർ.ബി. ) വകുപ്പ് തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)

2. പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം) (തുടർനടപടികൾക്കും,എൽ.എസ്.ജി.ഡി വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും)

3.എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും

4. എറണാകുളം ജില്ലയിലെ കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/പഞ്ചായത്ത് സെക്രട്ടറിമാർക്കും.